## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1127** **04.02.2019-ൽ മറുപടിയ്ക്ക്**

# നിലമ്പൂർ മണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേയുമായി ബന്ധപ്പെട്ട നടപടി ഏതുവരെയായി; ഇതുമായി ബന്ധപ്പെട്ട ഫയൽ ഏത് ഓഫീസിലാണുള്ളതെന്ന് അറിയിക്കാമോ; | (എ) & (ബി) | പ്രസ്തുത മലയോര ഹൈവേയുടെ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കേരള റോഡ് ഫണ്ട് ബോർഡിൽ 22/01/2019 ന് ലഭിക്കുകയും 28/01/2019 - ൽ നടന്ന ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു. കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് PRICE വഴി സമർപ്പിക്കുവാൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (കേരള റോഡ് ഫണ്ട് ബോർഡ്) ൽ നിന്നും മഞ്ചേരി റോഡ്സ് വിഭാഗം എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയത് ഏത് ദിവസമാണ്; ഫയൽ എന്നാണ് സമർപ്പിച്ചത്; | | |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് PRICE വഴി ലഭിച്ചാലുടൻ തന്നെ സാങ്കേതികാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ